| 05–03–2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ – സന്തോഷം പോലൊരു ഔഷധമില്ല, നിങ്ങൾ സന്തോഷത്തിൽ നടക്കുമ്പോഴും കറങ്ങുമ്പോഴും ബാബയെ ഓർമ്മിക്കുകയാണെങ്കിൽ പാവനമായി മാറും.**

**ചോദ്യം –** ഒരു കർമ്മവും വികർമ്മമാകരുത് അതിനുള്ള യുക്തി എന്താണ്?
**ഉത്തരം –** വികർമ്മങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനുള്ള മാർഗ്ഗമാണ് ശ്രീമതം. ബാബയുടെ ആദ്യത്തെ ശ്രീമതമാണ് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ, ഈ ശ്രീമതത്തിലൂടെ നടക്കുകയാണെങ്കിൽ നിങ്ങൾ വികർമ്മാജീത്തായി മാറും.

**ഓം ശാന്തി**. ആത്മീയ കുട്ടികൾ ഇവിടെയും ഇരിക്കുന്നു എല്ലാ സെന്ററുകളിലും ഉണ്ട്. എല്ലാ കുട്ടികളും അറിയുന്നു ഇപ്പോൾ ആത്മീയ അച്ഛൻ വന്നു കഴിഞ്ഞിരിക്കുന്നു, ആ അച്ഛൻ നമ്മേ ഈ പഴയ മോശമായ പതിത ലോകത്തിൽ നിന്ന് വീണ്ടും വീട്ടിലേയ്ക്ക് കൊണ്ടുപോകും. ബാബ വന്നിരിക്കുന്നത് തന്നെ പാവനമാക്കി മാറ്റുന്നതിനും ആത്മാക്കളോട് സംസാരിക്കുന്നതിനുമാണ്. ആത്മാക്കളും കാതുകളിലൂടെ കേൾക്കുന്നു കാരണം ബാബയ്ക്ക് സ്വന്തമായി ശരീരമില്ലല്ലോ, അതുകൊണ്ട് ബാബ പറയുന്നു ഞാൻ ഈ ശരീരത്തെ ആധാരമാക്കിയെടുത്ത് തന്റെ പരിചയം നൽകുന്നു. ഞാൻ ഈ സാധാരണ ശരീരത്തിൽ വന്ന് നിങ്ങൾ കുട്ടികളെ പാവനമാക്കി മാറ്റുന്നതിനുള്ള യുക്തികൾ പറഞ്ഞു തരുന്നു. അതും ഓരോ കല്പവും വന്ന് നിങ്ങൾക്ക് ഈ യുക്തികൾ പറഞ്ഞു തരുന്നു. ഈ രാവണ രാജ്യത്തിൽ നിങ്ങൾ വളരെയധികം ദു:ഖിതരായി മാറിയിരിക്കുന്നു. രാവണ രാജ്യം, ശോകവാടികയിലാണ് നിങ്ങൾ. കലിയുഗത്തെ ദു:ഖധാമമെന്ന് പറയപ്പെടുന്നു. സുഖധാമമാണ് കൃഷ്ണപുരി, സ്വർഗ്ഗം. അതാണെങ്കിൽ ഇപ്പോഴില്ല. കുട്ടികൾ നല്ല രീതിയിൽ മനസ്സിലാക്കിയിരിക്കുന്നു ബാബയിപ്പോൾ നമ്മേ പഠിപ്പിക്കുന്നതിന് വേണ്ടി വന്നിരിക്കുകയാണ്.

ബാബ പറയുന്നു നിങ്ങൾക്ക് വീട്ടിൽ തന്നെ സ്ക്കൂൾ തുടങ്ങാൻ സാധിക്കും. പാവനമായി മാറണം, മാറ്റണം. നിങ്ങൾ പാവനമായി മാറുകയാണെങ്കിൽ ലോകവും പാവനമായി മാറും. ഇപ്പോൾ ഇത് പതിത ഭ്രഷ്ടാചാരി ലോകമാണ്. ഇപ്പോൾ രാവണന്റെ രാജധാനിയാണ്. ഈ കാര്യങ്ങളെല്ലാം ആരാണോ നല്ല രീതിയിൽ മനസ്സിലാക്കുന്നത് അവർ പിന്നീട് മറ്റുള്ളവർക്കും മനസ്സിലാക്കി കൊടുക്കുന്നു. കേവലം ബാബ പറയുന്നു– കുട്ടികളെ, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനായ എന്നെ ഓർമ്മിക്കൂ, മറ്റുള്ളവർക്കും ഇപ്രകാരം മനസ്സിലാക്കി കൊടുക്കൂ. ബാബ വന്നു കഴിഞ്ഞിരിക്കുന്നു, പറയുന്നു എന്നെ ഓർമ്മിക്കൂ എങ്കിൽ പാവനമായി മാറും. യാതൊരു തരത്തിലുമുള്ള ആസുരീയ കർമ്മവും ചെയ്യരുത്. മായ നിങ്ങളെ കൊണ്ട് ഏത് മോശമായ കർമ്മം ചെയ്യിപ്പിക്കുന്നുവോ ആ കർമ്മം തീർച്ചയായും വികർമ്മമായി മാറും. ഒന്നാമതായി, ആരാണോ പറയുന്നത് ഈശ്വരൻ സർവ്വവ്യാപിയാണ്, ഇതും മായ പറയിപ്പിക്കുന്നതാണല്ലോ. മായ നിങ്ങളെ കൊണ്ട് ഓരോ കാര്യത്തിലും വികർമ്മം തന്നെ ചെയ്യിപ്പിക്കും. കർമ്മം – അകർമ്മം –വികർമ്മത്തിന്റെ രഹസ്യവും മനസ്സിലാക്കി തന്നു. ശ്രീമതത്തിലൂടെ നിങ്ങൾ പകുതി കല്പം സുഖം അനുഭവിക്കുന്നു, പിന്നീട് പകുതി കല്പം രാവണന്റെ മതത്തിലൂടെ ദു:ഖം അനുഭവിക്കുന്നു. ഈ രാവണ രാജ്യത്തിൽ നിങ്ങൾ ആരാണോ ഭക്തി ചെയ്യുന്നത്, താഴെ ഇറങ്ങി വന്നിരിക്കുന്നു. നിങ്ങൾ ഈ കാര്യങ്ങളൊന്നും അറിഞ്ഞിരുന്നില്ല, തികച്ചും കല്ല് ബുദ്ധികളായിരുന്നു. കല്ല് ബുദ്ധിയും പവിഴ ബുദ്ധിയുമെന്ന് പാടാറുണ്ടല്ലോ. ഭക്തി മാർഗ്ഗത്തിൽ പറയാറുമുണ്ടല്ലോ – അല്ലയോ ഈശ്വരാ, ഇവർക്ക് നല്ല ബുദ്ധി നൽകൂ, അങ്ങനെ ഈ യുദ്ധവും മറ്റും അവസാനിപ്പിക്കട്ടെ. നിങ്ങൾ കുട്ടികൾക്കറിയാം ബാബയിപ്പോൾ നല്ല ബുദ്ധി നൽകികൊണ്ടിരിക്കുന്നു. ബാബ പറയുന്നു – മധുരമായ കുട്ടികളെ, നിങ്ങളുടെ ആത്മാവ് ഇപ്പോൾ പതിതമായി മാറിയിരിക്കുന്നു, അവയെ പാവനമാക്കി മാറ്റണം, ഓർമ്മയുടെ യാത്രയിലൂടെ. ചുറ്റിക്കറങ്ങിക്കോളൂ, ബാബയുടെ ഓർമ്മയിൽ നിങ്ങൾ എത്ര കാൽനടയായി പോയാലും, നിങ്ങൾ ശരീരത്തെ പോലും മറക്കും. പാടാറുണ്ടല്ലോ– സന്തോഷം പോലൊരു ഔഷധമില്ല. മനുഷ്യർ ധനം സമ്പാദിക്കുന്നതിന് വേണ്ടി എത്ര ദൂരെ–ദൂരെയ്ക്ക് സന്തോഷത്തോടുകൂടി പോകുന്നു. ഇവിടെ നിങ്ങൾ എത്ര ധനവാൻ, സമ്പന്നനുമായി മാറുന്നു. ബാബ പറയുന്നു ഞാൻ കല്പ കല്പം വന്ന് നിങ്ങൾ ആത്മാക്കൾക്ക് തന്റെ പരിചയം നൽകുന്നു. ഈ സമയം എല്ലാവരും പതിതരാണ്, പാവനമാക്കി മാറ്റുന്നതിന് വേണ്ടി വരൂ എന്ന് വിളിച്ചു കൊണ്ടിരിക്കുന്നു. ആത്മാവ് തന്നെയാണ് ബാബയെ വിളിക്കുന്നത്. രാവണ രാജ്യത്തിൽ, ശോകവാടികയിൽ എല്ലാവരും ദു:ഖിതരാണ്. മുഴുവൻ ലോകത്തിലും രാവണരാജ്യമാണ്. ഈ സമയം തമോപ്രധാന സൃഷ്ടി തന്നെയാണ്. സതോ പ്രധാന ദേവതകളുടെ ചിത്രം ഉണ്ട്. അവരുടെ പാട്ടുമുണ്ടല്ലോ. ശാന്തി

ധാം, സുഖധാമിലേയ്ക്ക് പോകുന്നതിന് വേണ്ടി മനുഷ്യർ എത്രയാണ് തലയിട്ടുടയ്ക്കുന്നത്. ഇതാരും മന സ്സിലാക്കുന്നില്ല – ഭഗവാൻ വന്ന് നമുക്ക് ഭക്തിയുടെ ഫലം നൽകുന്നതെങ്ങനെയാണ്. നിങ്ങൾ ഇപ്പോൾ മനസ്സിലാക്കി നമുക്ക് ഭഗവാനിൽ നിന്ന് ഫലം ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഭക്തിയുടെ ഫലമാണ് – ഒന്ന് മുക്തി, രണ്ടാമത് ജീവൻ മുക്തി. ഇത് മനസ്സിലാക്കുന്നതിനുള്ള ഏറ്റവും വലിയ കാര്യമാണ്. ആരാണോ തുടക്കം മുതൽ വളരെയധികം ഭക്തി ചെയ്തിരുന്നത്, അവർ നല്ല രീതിയിൽ ജ്ഞാനം എടുക്കും അതി നാൽ ഫലവും നല്ലത് നേടും. ഭക്തി കുറച്ചേയുള്ളുവെങ്കിൽ ജ്ഞാനവും കുറച്ചേ എടുക്കൂ, ഫലവും കുറച്ചേ നേടൂ കണക്കുണ്ടല്ലോ. നമ്പർവൈസ് പദവിയാണല്ലോ. ബാബ പറയുന്നു– എന്റെതായി മാറി വികാരത്തിൽ വീണു പോയി അർത്ഥം എന്നെ വിട്ടു. പെട്ടെന്ന് താഴെയ്ക്ക് വീഴും. ചിലരാണെങ്കിൽ വീണു പോയാലും പിന്നീട് എഴുന്നേൽക്കുന്നു. ചിലരാണെങ്കിൽ തികച്ചും ഗട്ടറിൽ വീണ് പോകുന്നു, ബുദ്ധി അത്രയും മോശമാണ്. ചിലർക്ക് മനസ്സിനകത്ത് മുറിവുണ്ടാകുന്നു, ദു:ഖമുണ്ടാകുന്നു – ഞാൻ ഭഗവാ നോട് പ്രതിജ്ഞ ചെയ്തിട്ട് അതിൽ പിന്നീട് വിശ്വാസവഞ്ചന ചെയ്തു, വികാരത്തിൽ വീണു പോയി. ബാബയുടെ കൈ ഉപേക്ഷിച്ചു, മായയുടെതായി മാറി. അവർ പിന്നീട് വായുമണ്ഡലത്തെ മോശമാക്കു ന്നു, ശപിക്കപ്പെട്ടവരായി മാറുന്നു. ബാബയോടൊപ്പം ധർമ്മരാജനുമുണ്ടല്ലോ. നമ്മൾ എന്താണ് ചെയ്യുന്ന തെന്ന് ആ സമയത്ത് അറിയാൻ സാധിക്കുകയില്ല, പിന്നീട് പശ്ചാത്താപം ഉണ്ടാകുന്നു. ഇങ്ങനെ ഒരുപാട് പേരുണ്ട്, ആരെയെങ്കിലും വധിക്കുകയും മറ്റും ചെയ്ത് ജയിലിൽ പോകേണ്ടി വരുന്നു, പിന്നീട് പശ്ചാ താപം ഉണ്ടാകുന്നു– വെറുതെ അയാളെ കൊന്നു. ദേഷ്യത്തിൽ വന്ന് കൊല്ലുന്നവരും ഒരുപാട് പേരുണ്ട്. ഒരുപാട് വാർത്തകൾ പത്രങ്ങളിൽ വരാറുണ്ട്. നിങ്ങളാണെങ്കിൽ പത്രം വായിക്കുന്നില്ല. ലോകത്ത് എന്തെന്തെല്ലാമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്, നിങ്ങൾക്ക് അറിയാൻ സാധിക്കുന്നില്ല. ദിനംപ്രതി അവസ്ഥ മോശമായികൊണ്ടിരിക്കുകയാണ്. പടികൾ താഴെയ്ക്ക് ഇറങ്ങുക തന്നെ വേണം. നിങ്ങൾ ഈ ഡ്രാമ യുടെ രഹസ്യത്തെ അറിയുന്നു. ബുദ്ധിയിൽ ഈ കാര്യം ഉണ്ട് ഞങ്ങൾ ബാബയെ മാത്രം ഓർമ്മിക്കും. രജിസ്റ്റർ മോശമാകുന്ന തരത്തിലുള്ള ഒരു മോശമായ കർത്തവ്യവും ചെയ്യുകയില്ല. ബാബ പറയുന്നു ഞാൻ നിങ്ങളുടെ ടീച്ചറാണല്ലോ. ടീച്ചറുടെ പക്കൽ വിദ്യാർത്ഥികളുടെ പഠിപ്പിന്റെയും പെരുമാറ്റത്തിന്റെയും റെക്കോർഡ് ഉണ്ടായിരിക്കുമല്ലോ. ചിലരുടെ പെരുമാറ്റം വളരെ നല്ലതായിരിക്കും, ചിലരുടെ കുറവ്, ചില രുടെത് തികച്ചും മോശമായിരിക്കും. നമ്പർവൈസായിരിക്കുമല്ലോ. ഇവിടെയും സുപ്രീം ബാബ എത്ര ഉയർന്ന പഠിപ്പാണ് പഠിപ്പിക്കുന്നത്. ബാബയും എല്ലാവരുടെയും പെരുമാറ്റത്തെക്കുറിച്ച് അറിയുന്നു. നിങ്ങൾക്ക് സ്വയം മനസ്സിലാക്കാനും സാധിക്കുന്നു– എന്നിൽ ഈ ശീലമുണ്ട്, ഇതു കാരണം ഞാൻ തോറ്റുപോകും. ബാബ ഓരോ കാര്യവും വ്യക്തമായി മനസ്സിലാക്കി തരുന്നു. പൂർണ്ണമായ രീതിയിൽ പഠിപ്പ് പഠിക്കുന്നില്ല, ആർക്കെങ്കിലും ദു:ഖം കൊടുത്തുവെങ്കിൽ ദു:ഖിതരായി തന്നെ മരിക്കും. പദവിയും ഭ്രഷ്ടമാകും. ശിക്ഷകളും ഒരുപാട് അനുഭവിക്കും.

മധുരമായ കുട്ടികളെ, തന്റെയും മറ്റുള്ളവരുടെയും ഭാഗ്യം ഉണ്ടാക്കണമെങ്കിൽ ദയാഹൃദയ സംസ്ക്കാരം ധാരണ ചെയ്യൂ. എങ്ങനെയാണോ ബാബ ദയാമനസ്കനായതുകൊണ്ട് ടീച്ചറായി നിങ്ങളെ പഠിപ്പിക്കുന്നു. ചില കുട്ടികൾ നല്ല രീതിയിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു, ഇതിൽ ദയാഹൃദയരായി മാറു ന്നു. ടീച്ചർ ദയാഹൃദയനാണല്ലോ. സമ്പത്ത് ശേഖരിക്കുന്നതിനുള്ള വഴി പറഞ്ഞു തരുന്നു എങ്ങനെ നല്ല പൊസിഷൻ നിങ്ങൾക്ക് നേടാൻ സാധിക്കും. ആ പഠിപ്പിൽ അനേക പ്രകാരത്തിലുള്ള ടീച്ചർമാർ ഉണ്ടായി രിക്കും. ഇവിടെയാണെങ്കിൽ ഒരേയൊരു ടീച്ചറാണ്. പഠിപ്പും ഒന്ന് മാത്രമാണ് മനുഷ്യനിൽ നിന്ന് ദേവത യാകുന്നതിന്റെ. ഇതിൽ മുഖ്യമായത് പവിത്രതയുടെ കാര്യമാണ്. പവിത്രത തന്നെയാണ് എല്ലാവരും ആഗ്രഹിക്കുന്നത്. ബാബയാണെങ്കിൽ വഴി പറഞ്ഞു തന്നുകൊണ്ടിരിക്കുന്നുണ്ട് പക്ഷെ ആരുടെ ഭാഗ്യ ത്തിലാണോ ഇല്ലാത്തത് അപ്പോൾ പുരുഷാർത്ഥത്തിന് എന്ത് ചെയ്യാൻ സാധിക്കും! ഉയർന്ന മാർക്ക് നേടു ന്നില്ലായെങ്കിൽ ടീച്ചർ പുരുഷാർത്ഥം ചെയ്യിപ്പിച്ചാൽ പോലും എന്ത് ചെയ്യാനാണ്! ഇത് പരിധിയില്ലാത്ത ടീച്ചറാണല്ലോ. ബാബ പറയുന്നു നിങ്ങൾക്കല്ലാതെ വേറെ ആർക്കും സൃഷ്ടിയുടെ ആദി-മധ്യ-അന്ത്യ ത്തിന്റെ ചരിത്രവും ഭൂമിശ്സ്ത്രവും മനസ്സിലാക്കാൻ സാധിക്കുകയില്ല. നിങ്ങൾക്ക് ഓരോ കാര്യത്തിലും പരിധിയില്ലാത്ത ബുദ്ധിയാണ്. നിങ്ങളുടെത് പരിധിയില്ലാത്ത വൈരാഗ്യമാണ്. ഇതും നിങ്ങൾക്ക് പഠിപ്പിച്ച് തരുന്നു എപ്പോഴാണ് പതിത ലോകത്തിന്റെ വിനാശം, പാവന ലോകത്തിന്റെ സ്ഥാപന ഉണ്ടാകുന്നത്. സന്യാസിമാർ നിവൃത്തി മാർഗ്ഗത്തിലുള്ളവരാണ്, വാസ്തവത്തിൽ അവർക്കാണെങ്കിൽ കാട്ടിൽ വസിക്ക ണം. ആദ്യമാദ്യം ഋഷി-മുനിമാർ കാട്ടിൽ താമസിച്ചിരുന്നു, അവരുടെത് സതോപ്രധാന ശക്തിയായിരു ന്നു, അതിനാൽ മനുഷ്യർ ആകർഷിച്ചിരുന്നു. അവിടവിടെ കുടിലുകളിൽ പോലും പോയി ഭോജനം എത്തി ക്കുമായിരുന്നു. സന്യാസിമാരുടെ ക്ഷേത്രങ്ങളൊരിക്കലും ഉണ്ടാക്കുന്നില്ല. ക്ഷേത്രങ്ങളെപ്പോഴും ദേവത കളുടെയാണ് ഉണ്ടാക്കുന്നത്. നിങ്ങൾ ഒരു ഭക്തിയും ചെയ്യുന്നില്ല. നിങ്ങൾ യോഗത്തിലിരിക്കുകയാണ്. അവർക്കാണെങ്കിൽ ബ്രഹ്മ തത്വത്തെ ഓർമ്മിക്കുന്നതിനുള്ള ജ്ഞാനമാണുള്ളത്. ബ്രഹ്മത്തിൽ ലയിച്ചു

പോകും അത്രയും മതി. പക്ഷെ അവിടെയ്ക്ക് കൊണ്ടുപേകാൻ ബാബയ്ക്കല്ലാതെ വേറെയാർക്കും സാധിക്കില്ല. ബാബ വരുന്നത് തന്നെ സംഗമയുഗത്തിലാണ്. വന്ന് ദേവീ ദേവതാ ധർമ്മം സ്ഥാപിക്കുന്നു. ബാക്കി എല്ലാ ആത്മാക്കളും തിരിച്ച് പോകുന്നു കാരണം നിങ്ങൾക്ക് വേണ്ടി പുതിയ ലോകം വേണമല്ലോ. പഴയ ലോകത്തിൽ ആരും ജീവിക്കാൻ ആഗ്രഹിക്കുന്നില്ല. നിങ്ങൾ മുഴുവൻ വിശ്വത്തിന്റെയും അധികാരിയായി മാറുന്നു. ഇതും നിങ്ങൾക്കറിയാം എപ്പോഴാണോ നമ്മുടെ രാജ്യമായിരുന്നത് അപ്പോൾ മുഴുവൻ വിശ്വവും നമ്മുടെതായിരുന്നു, വേറൊരു ഖണ്ഡവുമുണ്ടായിരുന്നില്ല. അവിടെ ഭൂമിയെല്ലാം ഒരുപാടുണ്ടായിരിക്കും. ഇവിടെ ഭൂമി എത്രയാണ് എന്നിട്ടു പോലും സമുദ്രത്തെ വറ്റിച്ച് ഭൂമി ഉണ്ടാക്കി കൊണ്ടിരിക്കുന്നു എന്തുകൊണ്ടെന്നാൽ മനുഷ്യർ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഭൂമി ഉണ്ടാക്കുക മുതലായവ വിദേശികളിൽ നിന്നും പഠിച്ചതാണ്. ബോംബേ ആദ്യം എങ്ങനെയായിരുന്നു എന്നിട്ട് പോലും രക്ഷപ്പെട്ടില്ല. ബാബ അനുഭവിയാണല്ലോ. മനസ്സിലാക്കൂ ഭൂമികുലുക്കം ഉണ്ടാവുകയോ അഥവാ മിസൈൽ മഴ ഉണ്ടാവുകയാണെങ്കിൽ പിന്നെ എന്ത് ചെയ്യും! പുറത്ത് പോകാൻ പോലും സാധിക്കില്ല. പ്രകൃതി ക്ഷോഭങ്ങളെല്ലാം ഒരുപാട് ഉണ്ടാകും. ഇല്ലായെങ്കിൽ ഇത്രയും വിനാശം എങ്ങനെയുണ്ടാവാനാണ്. സത്യയുഗത്തിൽ കേവലം കുറച്ച് ഭാരതവാസികൾ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ഇന്ന് എന്താണ്, നാളെ എന്താകും. ഇതെല്ലാം നിങ്ങൾ കുട്ടികൾക്ക് മാത്രമേ അറിയൂ. ഈ ജ്ഞാനം വേറെ ആർക്കും നൽകാൻ സാധിക്കില്ല. ബാബ പറയുന്നു നിങ്ങൾ പതിതരായി മാറിയതുകൊണ്ടാണ് വന്ന് പാവനമാക്കി മാറ്റൂ എന്ന് പറഞ്ഞ് ഇപ്പോൾ എന്നെ വിളിച്ചത് അപ്പോൾ തീർച്ചയായും വരും അപ്പോഴാണല്ലോ പാവന ലോകം സ്ഥാപിക്കുന്നത്. ബാബ വന്നിരിക്കുകയാണെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. എത്ര നല്ല രീതിയിലാണ് യുക്തി പറഞ്ഞു തരുന്നത്. ഭഗവാനു വാചയാണ് മന്മനാ ഭവ. ദേഹസഹിതം ദേഹത്തിന്റെ എല്ലാ സംബന്ധത്തെയും വിട്ട് എന്നെ മാത്രം ഓർമ്മിക്കൂ. ഇതിൽ തന്നെയാണ് പരിശ്രമം. ജ്ഞാനമൊക്കെ വളരെ സഹജമാണ്. ചെറിയ കുട്ടികൾക്കുപോലും പെട്ടെന്ന് ഓർമ്മിക്കാൻ സാധിക്കും. ബാക്കി സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുക, ഇത് സാധ്യമല്ല. മുതിർന്നവരുടെ ബുദ്ധിയിൽ പോലും ഇരിക്കാൻ സാധിക്കുന്നില്ല, അപ്പോൾ ചെറിയവർക്ക് പിന്നെ എങ്ങനെ ഓർമ്മിക്കാൻ സാധിക്കും? കേവലം ശിവബാബാ-ശിവബാബാ എന്ന് പറയുമെങ്കിലും പക്ഷെ ബുദ്ധിഹീനരാണല്ലോ. നമ്മളും ബിന്ദുവാണ്, ബാബയും ബിന്ദുവാണ്, ഇത് സ്മൃതിയിൽ വരുക ബുദ്ധിമുട്ടാണ്. ഇതാണ് യഥാർത്ഥ രീതിയിൽ ഓർമ്മിക്കുക. തടിച്ച വസ്തുവൊന്നുമല്ല. ബാബ പറയുന്നു യഥാർത്ഥ രൂപത്തിൽ ഞാൻ ബിന്ദുവാണ് അതുകൊണ്ടാണ് ഞാൻ എന്താണോ, എങ്ങനെയണോ അങ്ങനെ ഓർമ്മിക്കണം - ഇത് വലിയ പരിശ്രമമുള്ളതാണ്.

അവരാണെങ്കിൽ പറയുന്നു പരമാത്മാവ് ബ്രഹ്മതത്വമാണ് നമ്മൾ പറയുന്നു പരമാത്മാവ് ബിന്ദുവാണ്. രാത്രിയുടെയും പകലിന്റെയും വ്യത്യാസമുണ്ടല്ലോ. നമ്മൾ ആത്മാക്കൾ വസിക്കുന്ന ബ്രഹ്മതത്വത്തെ അവർ പരമാത്മാവെന്ന് പറയുന്നു. ബുദ്ധിയിൽ ഇത് ഉണ്ടായിരിക്കണം - ഞാൻ ആത്മാവാണ്, ബാബയുടെ കുട്ടിയാണ്, ഈ കാതുകളിലൂടെ കേൾക്കുന്നു. ബാബ ഈ മുഖത്തിലൂടെ കേൾപ്പിക്കുന്നതെന്തെന്നാൽ ഞാൻ പരമാത്മാവാണ്, ഉയർന്നതിലും ഉയർന്നതിൽ വസിക്കുന്നയാളാണ്. നിങ്ങളും ഉയർന്നതിലും ഉയർന്നതിൽ വസിക്കുന്നവരാണ് പക്ഷെ ജനന മരണത്തിൽ വരുന്നു, ഞാൻ വരുന്നില്ല. നിങ്ങളിപ്പോൾ 84 ജന്മങ്ങളെക്കുറിച്ചും മനസ്സിലാക്കി. ബാബയുടെ പാർട്ടിനെക്കുറിച്ചും മനസ്സിലാക്കി. ആത്മാവൊരിക്കലും ചെറുതും വലുതുമാകുന്നില്ല. ബാക്കി അയൺ ഏജിൽ വരുന്നതിലൂടെ മലിനമായി മാറുന്നു. ഇത്രയും ചെറിയ ആത്മാവിൽ മുഴുവൻ ജ്ഞാനവുമുണ്ട്. ബാബയും ഇത്രയും ചെറുതാണല്ലോ. പക്ഷെ ബാബയെ പരമാത്മാവെന്ന് പറയുന്നു. ബാബ ജ്ഞാനത്തിന്റെ സാഗരമാണ്, വന്ന് നിങ്ങൾക്ക് മനസ്സിലാക്കി തരുന്നു. ഈ സമയം നിങ്ങളെന്താണോ പഠിച്ചുകൊണ്ടിരിക്കുന്നത് കല്പം മുമ്പും പഠിച്ചിരുന്നു, അതിലൂടെ നിങ്ങൾ ദേവതയായി മാറിയിരുന്നു. നിങ്ങളിൽ ഏറ്റവും മോശമായ ഭാഗ്യം അവരുടെയാണ്, ആരാണോ പതിതരായി മാറി തന്റെ ബുദ്ധിയെ മലിനമാക്കി മാറ്റുന്നത്, കാരണം അവരിൽ ധാരണ ഉണ്ടാകുന്നില്ല. മനസ്സിനകത്ത് കുത്തികൊണ്ടിരിക്കും. പവിത്രമായി മാറൂ എന്ന് മറ്റുള്ളവരോട് പറയാൻ സാധിക്കില്ല. ഉള്ളിൽ അറിയുന്നു പാവനമായി മാറി-മാറി ഞങ്ങൾ തോറ്റുപോയി, സമ്പാദ്യം മുഴുവൻ പെട്ടെന്ന് ഇല്ലാതായി. പിന്നീട് ഒരുപാട് സമയമെടുക്കുന്നു. ചെറിയൊരു പ്രഹരം പോലും വലിയ മുറിവുണ്ടാക്കുന്നു, രജിസ്റ്റർ മോശമാക്കപ്പെടുന്നു. നിങ്ങൾ മായയോട് തോറ്റു പോയി എന്ന് ബാബ പറയും, നിങ്ങളുടെ ഭാഗ്യം മോശമാണ്. മായയെ ജയിച്ചവരും ലോകത്തെ ജയിച്ചവരുമാകണം. ലോകത്തെ ജയിച്ചവരെന്ന് മഹാരാജാവിനെയും മഹാറാണിയേയുമാണ് പറയുന്നത്. പ്രജയെ പറയുകയില്ല. ഇപ്പോൾ ദൈവീക സ്വർഗ്ഗത്തിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. സ്വയത്തിന് വേണ്ടി എന്താണോ ചെയ്യുന്നത് അത് നേടും. എത്രത്തോളം പാവനമായി മാറി മറ്റുള്ളവരെയും മാറ്റുന്നുവോ, കൂടുതൽ ദാനം നൽകുന്നവർക്ക് ഫലവും ലഭിക്കുമല്ലോ. ദാനം നൽകുന്നവർക്കും പേരുണ്ടായിരിക്കും, അടുത്ത ജന്മത്തിൽ അല്പകാലത്തെ സുഖവും അനുഭവിക്കുന്നു. ഇവിടെയാണെങ്കിൽ 21 ജന്മത്തിന്റെ കാര്യമാണ്. പാവനലോകത്തിന്റെ അധികാരിയായി മാറ

ണം.  ആരാണോ പാവനമായി മാറിയിരുന്നത് അവരേ മാറൂ. മുന്നോട്ട് പോകുന്തോറും മായയുടെ അടിയേറ്റ് പെട്ടെന്ന് വീഴുന്നു. മായയും കുറവൊന്നുമല്ല. 8–10 വർഷം പവിത്രമായിരുന്നു, പവിത്രതയുടെ കാര്യത്തിൽ വഴക്കുണ്ടാക്കി, മറ്റുള്ളവരെയും വീഴുന്നതിൽ നിന്ന് രക്ഷിച്ചു പിന്നെ സ്വയം വീണു പോയി.  ഭാഗ്യമെന്ന് പറയുമല്ലോ. ബാബയുടെതായി മാറി പിന്നീട് മായയുടെതായി മാറിയാൽ പിന്നെ ശത്രുവായി. ഈശ്വരന്റെ കൂട്ടുകാരന്റെ ഒരു കഥയുമുണ്ടല്ലോ.  ബാബ വന്ന് കുട്ടികളെ സ്നേഹിക്കുന്നു, സാക്ഷാത്ക്കാരം ചെയ്യിപ്പിക്കുന്നു, ഭക്തി ചെയ്യാതെ പോലും സാക്ഷാത്ക്കാരം ഉണ്ടാകുന്നു. അപ്പോൾ കൂട്ടുകാരനാക്കി മാറ്റിയില്ലേ.  എത്ര സാക്ഷാത്ക്കാരം ഉണ്ടായിരുന്നു പിന്നീട് ഇന്ദ്രജാലമാണെന്ന് പറഞ്ഞ് പ്രശ്നമുണ്ടാക്കിയപ്പോൾ സാക്ഷാത്ക്കാരം ചെയ്യുന്നത് അവസാനിപ്പിച്ചു വീണ്ടും നിങ്ങൾക്ക് പിന്നീട് ഒരുപാട് സാക്ഷാത്ക്കാരമുണ്ടാകും. മുമ്പ് വളരെയധികം ലഹരിയുണ്ടായിരുന്നു.  അത് കണ്ട് കണ്ടിട്ടും വളരെയധികം പേർ ഇല്ലാതായി. ഭട്ടിയിൽ ചില ഇഷ്ടികകൾ പാകമാകാറുണ്ട്, ചിലത് അപക്വമായിരിക്കും. ചിലതാണെങ്കിൽ പെട്ടെന്ന് പൊട്ടിപോകും.  എത്ര പോയി കഴിഞ്ഞു.  ഇപ്പോൾ അവർ ലക്ഷാധിപതിയും കോടിപതിയുമായി മാറി. ഞങ്ങൾ സ്വർഗ്ഗത്തിലാണിരിക്കുന്നതെന്ന് മനസ്സിലാക്കുന്നു. ഇപ്പോൾ സ്വർഗ്ഗം ഇവിടെ എങ്ങനെ ഉണ്ടാവാൻ സാധിക്കും. സ്വർഗ്ഗം ഉണ്ടാകുന്നത് തന്നെ പുതിയ ലോകത്തിലാണ്.  ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും  പുലർകാല വന്ദനവും.  ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക്  നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം.**

1. തന്റെ ഉയർന്ന ഭാഗ്യം ഉണ്ടാക്കുന്നതിന് വേണ്ടി ദയാഹൃദയരായി മാറി പഠിക്കുകയും പഠിപ്പിക്കുകയും വേണം.  ഒരിക്കലും ഏതെങ്കിലും ശീലത്തിന് വശപ്പെട്ട് തന്റെ രജിസ്റ്റർ മോശമാക്കരുത്.

2. മനുഷ്യനിൽ നിന്ന് ദേവതയാകുന്നതിന് മുഖ്യമായത് പവിത്രതയാണ് അതിനാൽ ഒരിക്കലും പതിതമായി മാറി തന്റെ ബുദ്ധിയെ മലിനമാക്കി മാറ്റരുത്.  മനസ്സിനെ കാർന്ന് തിന്നുന്ന, പശ്ചാത്തപിക്കേണ്ട തരത്തിലുള്ള ഒരു കർമ്മവും ചെയ്യരുത്.

## വരദാനം:– ബീജരൂപ സ്ഥിതിയിലൂടെ മുഴുവൻ വിശ്വത്തിനും ലൈറ്റിന്റെ ജലം കൊടുക്കുന്ന വിശ്വമംഗളകാരിയായി ഭവിക്കട്ടെ.

ബീജരൂപസ്ഥിതി ഏറ്റവും ശക്തിശാലി സ്ഥിതിയാണ്, ഈ സ്ഥിതി തന്നെയാണ് ലൈറ്റ്ഹൗസിന്റെ കാര്യം ചെയ്യുന്നത്, ഇതിലൂടെ മുഴുവൻ വിശ്വത്തിനും പ്രകാശം പരത്തുന്നതിന് നിമിത്തമായി മാറുന്നു. ബീജം മുഖേന സ്വതവേ തന്നെ മുഴുവൻ വൃക്ഷത്തിനും ജലം ലഭിക്കുന്നത് പോലെ ബീജരൂപസ്ഥിതിയിൽ സ്ഥിതി ചെയ്യുകയാണെങ്കിൽ വിശ്വത്തിന് പ്രകാശത്തിന്റെ ജലം ലഭിക്കുന്നു. പക്ഷെ മുഴുവൻ വിശ്വത്തിനും തന്റെ പ്രകാശം പരത്തുന്നതിന് വേണ്ടി വിശ്വമംഗളകാരിയുടെ ശക്തിശാലി സ്ഥിതി ആവശ്യമാണ്. ഇതിന് വേണ്ടി ലൈറ്റ് ഹൗസാകൂ, വെറും ബൾബാകരുത്. ഓരോ സങ്കൽപ്പത്തിലും സ്മൃതിയുണ്ടായിരിക്കണം അതായത് മുഴുവൻ വിശ്വത്തിന്റെയും മംഗളം നടക്കണം.

## സ്ലോഗൻ:– അഡ്ജസ്റ്റ് ചെയ്യാനുള്ള ശക്തി വിമർശനാത്മകമായ സമയങ്ങളിൽ പദവിയോടെ പാസാകാൻ സഹായിക്കും.

**അവ്യക്ത സൂചനകൾ– സത്യതയുടെയും സഭ്യതയുടെയും സംസ്കാരം സ്വായത്തമാക്കൂ.**

പരമാത്മാ പ്രത്യക്ഷതയുടെ ആധാരം പവിത്രതയാണ്. സത്യതയിലൂടെത്തന്നെയാണ് പ്രത്യക്ഷതയുണ്ടാവുക– ഒന്ന് സ്വയത്തിന്റെ സ്ഥിതിയുടെ സത്യത, രണ്ടാമത്, സേവനത്തിന്റെ സത്യത. സത്യതയുടെ ആധാരമാണ്–സ്വച്ഛതയും നിർഭയതയും. ഈ രണ്ട് ധാരണകളുടെയും ആധാരത്തിൽ സത്യതയിലൂടെ പരമാത്മാ പ്രത്യക്ഷതക്ക് നിമിത്തമാകൂ. ഏതെങ്കിലും വിധത്തിലുള്ള അസ്വച്ഛത അതായത് അൽപമെങ്കിലും സത്യതയുടെയും ശുദ്ധിയുടെയും കുറവുണ്ടെങ്കിൽ കർത്തവ്യത്തിന്റെ സിദ്ധി ഉണ്ടാവുകയില്ല.